ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

96 (1695) എക്സ്-ഫോം ഗാർഡുകളുടെ പാർട്ട്-ടൈം നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്-ഫോം ഗാർഡുകൾക്ക് സർക്കാർ സർവീസിൽ പാർട്ട് -ടൈം ജീവനക്കാരായി നിയമനം നൽകിയിട്ടുണ്ടോ;

(ബി) ഇവർക്കാർക്കെങ്കിലും ഫോംഗാർഡ് സർവീസ്കൂടി സംസ്ഥാന സർവീസിലെ പെൻഷനാനുകൂല്യങ്ങൾക്ക് പരിഗണിച്ചിട്ടുണ്ടോ;

(സി) കുറച്ചുപേർക്ക് മാത്രം ഫോംഗാർഡ് സർവീസ് പരിഗണിക്കുന്നതായും മറ്റുള്ളവർക്ക് അത് പരിഗണിക്കാതിരിക്കുന്നതുമായ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) എക്സ്-ഫോം ഗാർഡുകാരായ ജീവനക്കാർക്ക് അവരുടെ ഫോം ഗാർഡ് സർവീസ് കൂടി സംസ്ഥാന സർവീസിൽ വകവച്ചുകിട്ടുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഇ) എക്സ്-ഫോം ഗാർഡുകാർക്ക് അവരുടെ ഹോം-ഗാർഡ് സർവീസ് കൂടി പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് അനേകം നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ഈ ആവശ്യം അനുവദിച്ചിട്ടില്ല. സർക്കാർ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ആവശ്യത്തിന് ഇപ്പോൾ പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല.

97 (1697) എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ വകുപ്പുകളിലേക്ക് എൽ.ഡി. ക്ലാർക്കുമാരെ തിരഞ്ഞെടുക്കുന്നതിനായി ഏതൊക്കെ ജില്ലകളിലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്താനുള്ളത്; ഇവ എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ്, വയനാട്, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റുകൾ ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിലെ റാങ്ക് ലിസ്റ്റുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly